## VIJNANABHAVAN - KOTHAMANGALAM

### SECOND SEMESTER EXAMINATION 2024 - 2025

**Std IX** — Time : 2 hrs.
05.04.2025 — Marks : 70

Name ..........................................................................................

ID No ..........................................................................................

House Name ..........................................................................................

Division ..........................................................................................

Parish ..........................................................................................

| Written Exam | |
|---|---|
| 70 | |
| **Viva Exam** | |
| 20 | |
| **Total Marks** | |
| 90 | |

**ശരിയായ ഉത്തരത്തിന് ☑ ചിഹ്നം രേഖപ്പെടുത്തുക.** (10 x 1 = 10)

1 ദൈവം ആരെന്നും നമ്മുടെ ജീവിതത്തിൽ അവിടുന്ന് രക്ഷാകരമായി ഇടപെടുന്നതെങ്ങനെയെന്നും എങ്ങനെ നമുക്ക് ദൈവത്തിൽ എത്തിച്ചേരാമെന്നുള്ള നിത്യസത്യങ്ങൾ സംഗ്രഹിക്കുന്നതാണ്.

☐ വി. ഗ്രന്ഥത്തിലൂടെ ☐ പാരമ്പര്യത്തിലൂടെ ☐ സഭാ പ്രബോധനങ്ങളിലൂടെ

2 പരിശുദ്ധാത്മാവിനെ നമുക്ക് പ്രദാനം ചെയ്യുന്ന രക്ഷാകരമായ അടയാളങ്ങളാണ്.

☐ തിരുസഭ ☐ കൂദാശകൾ ☐ പ്രമാണങ്ങൾ

3 ദൈവരാജ്യത്തിനായി കുഞ്ഞുങ്ങളെ മുദ്ര വയ്ക്കുന്ന കർമ്മമായി മാമ്മോദീസായെ കാണുന്നത്.

☐ മാർ അപ്രേം ☐ ഒരിജൻ ☐ തെർത്തുല്യൻ

4 പാപമോചനവും മനസ്സിനും ശരീരത്തിനും സൗഖ്യവും സമാധാനവും നൽകുന്ന കൂദാശയാണ്.

☐ വി. കുർബാന ☐ മാമ്മോദീസ ☐ കുമ്പസാരം

5 ദൈവത്താൽ അയയ്ക്കപ്പെട്ട ഏറ്റവും വലിയ പ്രവാചകനാണ്

☐ സ്നാപക യോഹന്നാൻ ☐ ഈശോ ☐ പത്രോസ് ശ്ലീഹാ

6 പാപത്തിന്റെ അടിമത്തത്തിൽ നിന്ന് ദൈവസ്നേഹത്തിന്റെ സ്വാതന്ത്ര്യത്തിലേക്ക് ദൈവജനത്തെ നയിക്കേണ്ടവരാണ്

☐ പുരോഹിതർ ☐ സമർപ്പിതർ ☐ മെത്രാന്മാർ

7 ദമ്പതികളുടെ അലൗകിക സ്നേഹത്തിന് ദൈവം നൽകുന്ന അനർഘ സമ്മാനമാണ്.

☐ കുടുംബം ☐ മക്കൾ ☐ സമ്പത്ത്

8 ഈശോയുടെ ജീവിത രഹസ്യങ്ങളിൽ പങ്കുചേർന്ന് മിശിഹാനുഭവത്തിൽ ജീവിക്കാനും അതിന്റെ ഫലമായ സ്വർഗ്ഗ സൗഭാഗ്യം നേടാനും വിളിക്കപ്പെട്ടവരാണ്.

☐ പ്രവാചകർ ☐ ക്രൈസ്തവർ ☐ സന്യാസികൾ

9 നസ്രാണി ക്രിസ്ത്യാനികളുടെ ഇടയിലുള്ള ആചാരനുഷ്ഠാനങ്ങൾ, പാരമ്പര്യങ്ങൾ മുതലായവ മാറ്റി ലത്തീൻ ക്രമത്തിലേക്ക് അവരെ മാറ്റുന്നതിനുള്ള ലക്ഷ്യത്തോടെ വിളിച്ചുകൂട്ടപ്പെട്ട സഭാ സമ്മേളനമാണ്.

☐ ഉദയംപേരൂർ സൂനഹദോസ് ☐ തെന്ത്രോസ് സൂനഹദോസ് ☐ നിഖ്യാ സൂനഹദോസ്

10 പോർച്ചുഗീസ് കോളനികളിലെ സഭാ ഭരണ സംവിധാനത്തിൽ പോർച്ചുഗീസ് രാജാവ് രക്ഷാധികാരിയായിട്ടുള്ള ഭരണ സംവിധാനമാണ്.

☐ പദ്രുവാദോ ☐ പ്രോപ്പഗാന്താഫീദേ ☐ അങ്കമാലി പടിയോല

**ഒരു വാക്കിൽ ഉത്തരമെഴുതുക.** (5 x 2 = 10)

11 ചരിത്ര പ്രസിദ്ധമായ കപ്പൽ യാത്രയുടെ വിവരണമടങ്ങിയ 'വർത്തമാനപ്പുസ്തകം' എന്ന കൃതിയുടെ രചയിതാവ് ആരാണ്?

12 സുറിയാനിക്കാർക്കായി കോട്ടയം, തൃശൂർ എന്നി വികാരിയാത്തുകൾ സ്ഥാപിച്ചു തന്ന മാർപ്പാപ്പ.

13 നസ്രാണികൾ വലിയ നോമ്പിന്റെ 41-ാം ദിനം ഉണ്ടാക്കുന്ന പലഹാരം എന്താണ്?

14 ഈ വർഷത്തെ നമ്മുടെ വിശ്വാസപരിശീലനത്തിന്റെ കേന്ദ്രപ്രമേയം ഏതാണ്?

15 കേരള സീറോ മലബാർ സഭയിൽ നിന്ന് കാർഡിനൽ പദവിയിലേക്ക് ഉയിർത്തപ്പെട്ട വൈദികനാണ്.

**ചേർത്തെഴുതുക.** (5 x 1 = 5)

| | A | | B |
|---|---|---|---|
| 16 | കൈത്താ | ............ | നിനവേ |
| 17 | ശ്ലീഹാ | ............ | പുത്തൻപാന |
| 18 | ഹിപ്പോളിറ്റസ് | ............ | അയയ്ക്കപ്പെട്ടവൻ |
| 19 | അർണ്ണോസ് പാതിരി | ............ | ഫലാഗമകാലം |
| 20 | യോനാ പ്രവാചകൻ | ............ | അപ്പസ്തോലിക പാരമ്പര്യം |

**വചനം പൂർത്തിയാക്കുക.** (3 x 3 = 9)

21 "എന്റെ വചനം കേൾക്കുകയും ............

............ ചെയ്യുന്നവന് നിത്യജീവനുണ്ട്" (യോഹ. 5:24).

22 "കർത്താവേ കർത്താവേ എന്ന് ............

............

............ സ്വർഗരാജ്യത്തിൽ പ്രവേശിക്കുക" (മത്താ. 7:21).

23 "നമ്മുടെ കർത്താവും രക്ഷകനുമായ ............

............ നിങ്ങൾ വളരുവിൻ" (2 പത്രോ. 3:18).

**കുറിപ്പ് തയ്യാറാക്കുക.** (4 x 4 = 16)

24 വി. അഗസ്റ്റിന്റെ ജീവിതത്തെ മാനസാന്തരത്തിലേയ്ക്കു നയിച്ച ദൈവവചനം അദ്ദേഹത്തിന്റെ ജീവിതത്തെ എപ്രകാരം സ്വാധീനിച്ചു എന്നതിനെക്കുറിച്ച് ഒരു ചെറിയ വിവരണം തയ്യാറാക്കുക?

25 പ്രവേശക കൂദാശകൾ ഏതെല്ലാമാണ്? അവ അങ്ങനെ വിളിക്കാൻ കാരണമെന്തെന്നും അവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ഏവയെന്നും വ്യക്തമാക്കുക?

26 തകർന്നുകൊണ്ടിരിക്കുന്ന ദാമ്പത്യ ജീവിതം നയിക്കുന്നവർക്കുവേണ്ടി ഒരു പ്രാർത്ഥന തയ്യാറാക്കുക?

27 ആരാധനാവത്സരത്തിലെ വിവിധ കാലങ്ങളും ആ കാലങ്ങളിൽ അനുസ്മരിക്കുന്ന രക്ഷാകര സംഭവങ്ങളും ചാർട്ട് രൂപത്തിൽ രേഖപ്പെടുത്തുക?

**ഒരു പേജിൽ ഉത്തരമെഴുതുക.** (4 x 5 = 20)

28 പരിശുദ്ധാത്മാവിന് എതിരായ പാപങ്ങൾ എഴുതുക?

29 പ്രകാശത്തിന്റെ ദിവ്യരഹസ്യത്തിലെ ആദ്യത്തെ മൂന്ന് രഹസ്യങ്ങൾ എഴുതുക?

30 ഉദയംപേരൂർ സൂനഹദോസിന്റെ ഫലമായി മാർതോമ്മാ ക്രിസ്ത്യാനികളുടെ അനുഷ്ഠാന ക്രമത്തിലും ധാർമ്മിക ജീവിത ശൈലിയിലും വിശ്വാസക്രമത്തിലും ഉണ്ടായ മാറ്റങ്ങൾ വിവരിക്കുക?

31 മാർതോമ്മാ ക്രിസ്ത്യാനികളുടെ പ്രധാനപ്പെട്ട നോമ്പാചരണങ്ങൾ ഏതെല്ലാം? ഒരു വിവരണം തയ്യാറാക്കുക?